## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.19 — 06.01.2014 ൽ മറുപടിയ്ക്ക്

### ജനസമ്പർക്ക പരിപാടി

| ചോദ്യം<br>ശ്രീ.എ.കെ. ശശീന്ദ്രൻ | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 5,50,001 അപേക്ഷകൾ ലഭിച്ചിരുന്നു.<br>രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ മൊത്തം 3,17,927 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| ബി) ആയതിൽ എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; ശേഷിക്കുന്ന പരാതികൾക്ക് തീർപ്പ് കല്പിക്കാൻ സമയപരിധി നിശ്ചിച്ചിട്ടുണ്ടോ; | ബി) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ 18.3.2013 വരെ 407361 എണ്ണം പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പരാതികളിൽ നടപടി സ്വീകരിച്ചു വരുന്നു. രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ തീർപ്പാക്കിയ അപേക്ഷകൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |

| | |
|---|---|
| സി) ജനസമ്പർക്ക പരിപാടിയിലൂടെ ആകെ എന്തു തുക ഇതുവരെ ജനങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 24,24,92,745 രൂപ (ഇരുപത്തിനാലുകോടി ഇരുപത്തിനാലുലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി എഴുന്നൂറ്റിനാൽപ്പത്തിയഞ്ച് രൂപ) ധനസഹായമായി അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 300294800 രൂപ (മുപ്പതുകോടി രണ്ടുലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി എണ്ണൂറ് രൂപ ) ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

Kulakuh

സെക്ഷൻ ഓഫീസർ